**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 105** **22-07-2021 - ൽ മറുപടിയ്ക്ക്**

**കൊട്ടന്താർമേൽപ്പാടം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നിർവ്വഹിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള കൊട്ടന്താർമേൽപ്പാടം പാലത്തിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം എന്തെന്ന് അറിയിക്കാമോ; | (എ) | സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പള്ളിപ്പാട് -കട്ടന്താർ മേലേപ്പാടം പാലത്തിന്റെ ഡി.പി.ആർ കിഫ്ബിയിൽ ലഭിക്കുകയും ആയത് കിഫ്ബി അവലോകന വിഭാഗം പരിശോധിച്ച് സ്ഥലസന്ദർശനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും അത് പദ്ധതിയുടെ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് 16/09/2019- ൽ നൽകുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ മറുപടി ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി ആവശ്യപ്പെട്ടതിൻ പ്രകാരം മാറ്റങ്ങൾ DPR ൽ വരുത്തിയിട്ടുണ്ടോ എന്നത് പരിശോധിച്ച് സാമ്പത്തിക അനുമതി നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് എന്നാണ് ഭരണാനുമതി നൽകിയിരുന്നത്; | (ബി) | ടി പദ്ധതിയ്ക്ക് ജി. ഒ (ആർ ടി) നം.942/2017/PWD തിയതി 10.07.2017 പ്രകാരം ഭരണാനുമതി ലഭിച്ചു. |
| (സി) | ഇതിന്റെ സാമ്പത്തിക അനുമതി വൈകുന്നത് എന്തുകൊണ്ടെന്നും ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (സി) | സാമ്പത്തിക അനുമതിക്കായി SPV കിഫ്ബിക്ക് സമർപ്പിച്ചിരുന്ന ഡി പി ആറിന്മേൽ കിഫ്ബി അവലോകനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കി SPV യ്ക്ക നൽകി. ടി റിപ്പോർട്ടിൽ ചില വിശദീകരണങ്ങൾ ആവശ്യപ്പെടുകയും, പാലത്തിന്റെയും അനുബന്ധ നിർമ്മിതികളുടെയും ഡിസൈനിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും കൂടുതൽ വിശദമായ ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്നതിന് കാലതാമസം നേരിട്ടു. ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ ഇപ്പോൾ പൂർത്തിയായിട്ടുണ്ട് എന്നും കിഫ്ബി ആവശ്യപ്പെട്ട |

| | | | |
|---|---|---|---|
| | | | വിശദീകരണങ്ങൾക്കുള്ള വിശദമായ മറുപടി തയ്യാറാക്കി കൊണ്ടിരിക്കുകയാണ് എന്ന് SPV അറിയിച്ചിട്ടുണ്ട്. പൊതുവിൽ കിഫ്ബി പദ്ധതികളുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട SPV കളുമായി നിശ്ചിത ഇടവേളകളിൽ കിഫ്ബി അവലോകന യോഗങ്ങൾ നടത്താറുണ്ട് |

സെക്ഷൻ ഓഫീസർ